KSFE

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

Ref No:12404 26/09/2023

## സർക്കുലർ നമ്പർ 42/2023 (BD)

വിഷയം: ചിട്ടി വരിക്കാർക്ക് ഏർപ്പെടുത്തിയിട്ടുള്ള അത്യാഹിത പരിരക്ഷ നിർത്തലാക്കുന്നത് സംബന്ധിച്ച്.

സൂചന: 1. 21.08.2023 ൽ നടന്ന 572 – ാം ബോർഡ് യോഗത്തിന്റെ 10032– ാം നമ്പർ തീരുമാനം

2. സർക്കുലർ 12/2021 തിയ്യതി 15.02.2021.

3. 20.03.2021 തിയ്യതിയിലെ 3006/Plg നമ്പർ കത്ത്.

കെ.എസ്.എഫ്.ഇ ചിട്ടികളിൽ ചേർന്ന വരിക്കാരൻ മരണമടയുന്ന പക്ഷം പ്രസ്തുത വരിക്കാരന്റെ പേരിലുള്ള നിശ്ചിത തുക വരെയുള്ള മേൽ ബാധ്യത ഒഴിവാക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വന്നിരുന്നു. ഇത്തരത്തിൽ 15.02.2021 മുതൽ രജിസ്റ്റർ ചെയ്ത ചിട്ടികളിൽ ചേർന്ന്, ചിട്ടി വിളിച്ച് ചിട്ടിപ്പണം കൈപ്പറ്റിയ ശേഷം മരണപ്പെടുന്ന വരിക്കാരുടെ ചിട്ടികളിലെ 25 ലക്ഷം വരെയുള്ള മേൽ ബാധ്യത ഒഴിവാക്കി നൽകുന്ന പദ്ധതിയാണ് ഇപ്പോൾ നിലവിലുള്ളത്. വരിക്കാരന്റെ അവിചാരിതമായ മരണം മൂലം നോമിനിക്കും കുടുംബത്തിനും ചിട്ടി തുടർന്ന് അടയ്ക്കുന്നതിനുണ്ടാകുന്ന സാമ്പത്തിക ബാധ്യതയിൽ ഒരു ആശ്വാസം നൽകുക എന്ന ഉദ്ദേശ്യത്തോടെ കമ്പനിയുടെ ഫണ്ട് ഉപയോഗിച്ചാണ് കെ.എസ്.എഫ്.ഇ ഇത്തരം ഒരു പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. എങ്കിൽ കൂടി പ്രതീക്ഷിച്ചതിലധികം ബാധ്യതയാണ് ഇക്കഴിഞ്ഞ വർഷങ്ങളിൽ സ്ഥാപനത്തിന് ഈയിനത്തിൽ വന്നു കൊണ്ടിരിക്കുന്നത്.

21.08.2023 ന നടന്ന 572– ാം ഡയറക്ടർ ബോർഡ് യോഗം ഇക്കാര്യം വിശദമായി ചർച്ച ചെയ്യുകയും മേൽബാധ്യത ഒഴിവാക്കുന്ന അത്യാഹിത പരിരക്ഷാ പദ്ധതി തുടരേണ്ടതില്ല എന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ 01.10.2023 മുതൽ രജിസ്റ്റർ ചെയ്യുന്ന ചിട്ടികൾക്ക് അത്യാഹിത പരിരക്ഷാ പദ്ധതി ബാധകമായിരിക്കുകയില്ല എന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ
കെ.എസ്.എഫ്. ഇ യ്ക്ക് വേണ്ടി

**ഡോ. സനിൽ എസ്.കെ**
**മാനേജിംഗ് ഡയറക്ടർ**

**To:-** എല്ലാ ശാഖാ തലവന്മാർക്കും

പകർപ്പ്

2. എല്ലാ മേഖലാ ഓഫീസുകൾക്കും
3. **MD** യുടെ **PA**
5. എല്ലാ **SDT** ഓഫീസുകൾക്കും
3. എല്ലാ **IAD** ടീമുകൾക്കും/പ്രിവന്റീവ് വിജിലൻസ് സ്ക്വാഡുകൾക്കും
4. ഹെഡോഫീസിലെ എല്ലാ വകുപ്പ് മേധാവികൾക്കും
6. സർക്കുലർ ഫയൽ